കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തി വികസനം - തലശ്ശേരി നിയോജകമണ്ഡലം - ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 2724/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 05.08.2017.**

വായന :-
1) 11/06/2012-ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്
2) 3/6/2014-ലെ 54/14/ധന നം. സർക്കുലർ.
3) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഡിവിഷണൽ എഞ്ചിനീയറുടെ 12/06/2017 ലെ KAIC/TVM/378 നമ്പർ കത്ത്
4) ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ യുടെ 12/06/2017 ലെ കത്ത്

**<u>ഉത്തരവ്</u>**

തലശ്ശേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. എ.എൻ.ഷംസീർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും തലശ്ശേരി നിയോജക മണ്ഡലത്തിലെ തിരുവങ്ങാട് ശിവരാമ ക്ഷേത്ര സമീപവും കതിരൂർ ശ്രീ കുറുംബകാവ് പരിസരത്തും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നടത്തിപ്പിലേയ്ക്കായി ആകെ അടങ്കൽ തുകയായ 10,00,000/- രൂപയുടെ ( പത്ത് ലക്ഷം രൂപാ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലശ്ശേരി നിയോജക മണ്ഡലത്തിലെ തിരുവങ്ങാട് ശിവരാമ ക്ഷേത്ര സമീപവും കതിരൂർ ശ്രീ കുറുംബകാവ് പരിസരത്തും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 10,00,000/- രൂപയ്ക്ക് (പത്ത് ലക്ഷം രൂപാ മാത്രം) വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കണമെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ടി പ്രവൃത്തിയുടെ നിർവ്വഹണം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ മുഖേന നടത്താവുന്നതാണ്.

3) ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി